<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3044** 13/10/2011 - ൽ മറുപടിയ്ക്ക്

<u>ഔദ്യോഗിക പദവിയിലുള്ളവർ ജയിലിലെ തടവുകാരുമായി ഫോണിൽ ബന്ധപ്പെടുന്നത്</u>

| ചോദ്യം<br>ശ്രീമതി. കെ.കെ.ലതിക | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>( മുഖ്യമന്ത്രി) |
|---|---|
| (എ) ചീഫ് വിപ്പ് ശ്രീ.പി.സി.ജോർജിന്റെ പേരിലുള്ള ഫോണിൽ നിന്നും സുപ്രീംകോടതി ശിക്ഷിച്ച് തടവിൽ കഴിയുന്ന ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ ഫോണിലേക്കും തിരിച്ചും കോളുകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ പേരിലുള്ള ഫോണിൽ നിന്നും അദ്ദേഹത്തിന്റെ ബന്ധുവായ ശ്രീ.മനോജ് ചീഫ് വിപ്പിനേയും അദ്ദേഹം തിരിച്ചും വിളിച്ചിട്ടുള്ളതായി ശ്രീ.പി.സി.ജോർജ് തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ എന്നെല്ലാം; എത്ര തവണ; എത്ര സമയം എന്നും വ്യക്തമാക്കുമോ; | |
| (സി) തടവിൽ കഴിയുന്ന വ്യക്തികൾ, ഔദ്യോഗിക പദവിയുള്ളവർ, മറ്റ് കുടുംബാംഗങ്ങൾ, സഹപ്രവർത്തകർ തുടങ്ങിയവരോട് ഫോണിൽ സംസാരിക്കുന്ന പ്രവണത ന്യായീകരിക്കുന്നുണ്ടോ; | (സി) തടവിൽ കഴിയുന്ന വ്യക്തികൾ അവരുടെ കുടുംബാംഗങ്ങൾ,സുഹൃത്തുക്കൾ, വക്കീൽ തുടങ്ങിയവരോട് നിർണ്ണയിക്കപ്പെട്ട ഉപാധികളോടെ ടെലിഫോൺ മുഖേന സംസാരിക്കുന്നത് ന്യായീകരിക്കുന്നുണ്ട്. |
| (ഡി) ഇല്ലെങ്കിൽ ഇത്തരം പ്രവൃത്തി ചെയ്യുന്ന ഔദ്യോഗിക പദവിയിലുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ